ഐ.ഡി.എം.ഐ. ഫണ്ട്

25 (1072) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മദ്രസകൾക്കുമായി കേന്ദ്രസർക്കാർ പദ്ധതിയായ ഐ.ഡി.എം.ഐ.-യിൽ നിന്നും 2010-11 മുതൽ എന്ത് തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2014-15 വർഷത്തിൽ പ്രസ്തുത ഫണ്ട് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* മദ്രസകൾക്ക് ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിക്കുന്നില്ല.

(ബി) 2014-15 വർഷം 274 സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി-ക്ക് സമർപ്പിച്ചിരുന്നെങ്കിലും ഇവയെല്ലാംതന്നെ പദ്ധതി നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിച്ചിട്ടില്ലാത്തതിനാൽ എം.എച്ച്.ആർ.ഡി. ഗ്രാന്റിന് പരിഗണിച്ചിട്ടില്ല. ഇവയിൽ ഗ്രാന്റിന് യോഗ്യതയുള്ള 70 സ്ഥാപനങ്ങളുടെ അപാകത പരിഹരിച്ച് എം.എച്ച്.ആർ.ഡി.-ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

സി-ആപ്റ്റ് എം.ഡി. നടത്തിയ ക്രമക്കേടുകൾ

26 (1073) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് എം.ഡി. സ്ഥാനത്ത് നിന്നും സജിത് വിജയരാഘവനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) സി-ആപ്റ്റ് എം.ഡി. ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകൾ നടത്തിയെന്നാണ് വിജിലൻസും ധനകാര്യ പരിശോധന വിഭാഗവും കണ്ടെത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സി-ആപ്റ്റ്. എം.ഡി.-യുടെ ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വി.ഇ.03/14/എസ്.ഐ.യു-II നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊ. സജിത് വിജയരാഘവനെ 1-1-2016 തീയതിയിലെ ജി.ഒ. (ആർറ്റി.) 02/2016/വി.ജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. (അനുബന്ധം I*)

(സി) ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർകോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്കെടുത്തതിലും ബാർ കോഡിംഗ്, ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയ ഇനത്തിൽ സി-ആപ്റ്റിന് 1,36,05,442 (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) നഷ്ടം വരുത്തിയതിലും ടി നഷ്ടം നികത്തുന്നതിലേക്കായി ലോട്ടറി വകുപ്പിന് നൽകിയ ഇൻവോയിസിലെ ബിൽ തുക ഒരു ടിക്കറ്റിന് 32 പൈസ എന്ന നിരക്കിനു പകരമായി 37 പൈസയായി അധിക തുക ഈടാക്കുകയും തൽഫലമായി നികുതി ഇനത്തിൽ ഒടുക്കിയ 4.53 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ സാധിച്ചില്ല എന്നതുമാണ് വിജിലൻസിന്റെ കണ്ടെത്തൽ. പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സുതാര്യമല്ലാതെയും ചട്ടവിരുദ്ധമായും ഒരു പ്രത്യേക സ്ഥാപനത്തിന് സഹായകരമായ രീതിയിലും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എം.ഡി.യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചു എന്നതാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ.

(ഡി) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജി. പി. പത്മകുമാറിനാണ് സി-ആപ്റ്റ് എം.ഡി.യുടെ മുഴുവൻ അധിക ചുമതല നൽകിയിരിക്കുന്നത്. (അനുബന്ധം -II*)

യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

27(1074) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തിക നിർണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; തീയതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്